# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കോളേജ്, പടന്നക്കാട് പി.ഒ,

കാസറഗോഡ് ജില്ല, പിൻ: 671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, , E-mail: coapad@kau.in


---

**നമ്പർ. ജി2-3387/2024** **തീയ്യതി: 17.05.2024**

<u>ക്വട്ടേഷൻ/ ലേല പരസ്യം</u>

പടന്നക്കാട് കാർഷിക കോളേജിലെ വിവിധ ബ്ലോക്കുകളിലെ മാവുകളിൽ നിന്നും 2024 ജൂൺ 30-ാം തീയതി വരെ മാങ്ങ വിളവെടുക്കുന്നതിനുള്ള അവകാശം നിർണ്ണയിക്കുന്നതിനായി മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

| | | |
|---|---|---|
| ക്വട്ടേഷൻ/ലേല തീയതി | : | 27.05.2024 |
| സമയം | : | 11.30 AM |
| സ്ഥലം | : | കാർഷിക കോളേജ്, പടന്നക്കാട് |

താൽപര്യമുള്ള വ്യക്തികൾ മാങ്ങ വിളവെടുക്കുന്നതിനുള്ള അവകാശം ലഭിക്കുന്നതിനുള്ള തുക വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട്-671314 എന്ന വിലാസത്തിൽ അയച്ചു തരികയോ നേരിട്ട് ഓഫീസിൽ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്. ക്വട്ടേഷനുകൾ അയക്കുന്ന കവറിന് പുറത്ത് *'പടന്നക്കാട് കാർഷിക കോളേജിലെ മാവുകളിൽ നിന്നും മാങ്ങ വിളവെടുക്കുന്നതിനുള്ള അവകാശം നിർണ്ണയിക്കുന്നതിനായുള്ള ക്വട്ടേഷൻ'* എന്നെഴുതണം ലേല/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ ആകെ 2,000/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കണം.

ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയ്യതി 27.05.2024 ന് (തിങ്കളാഴ്ച) രാവിലെ 11 മണി വരെയാണ്. കിട്ടിയ ക്വട്ടേഷനുകൾ അന്നുതന്നെ രാവിലെ 11.30 ന് ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ പടന്നക്കാട് കോളേജിൽ വെച്ച് തുറക്കുന്നതാണ്. ക്വട്ടേഷൻ തുറക്കുന്നതിന് മുമ്പ് ലേലം നടത്തുന്നതും ഏതിലാണോ കൂടുതൽ തുക കിട്ടുന്നത് അത് തൃപ്തികരമെന്ന് കണ്ടാൽ ഉറപ്പിക്കുന്നതുമാണ്. എന്നാൽ ക്വട്ടേഷൻ സമർപ്പിച്ചവർക്ക് മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. വിജയിയായ ആൾ അപ്പോൾ തന്നെ ആകെ തുകയുടെ മൂന്നിലൊരുഭാഗം ഓഫീസിൽ അടയ്ക്കേണ്ടതാണ്. ബാക്കി മുഴുവൻ തുകയും ലേല തീയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. 2024 ജൂൺ 30 ന് മുമ്പായി മാങ്ങ വിളവെടുക്കേണ്ടതാണ്. പ്രസ്തുത കാലാവധി കഴിഞ്ഞും വിളവെടുക്കാത്ത പക്ഷം അതുവരെ അടച്ച പണം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതും മാങ്ങ വിളവെടുക്കാനുള്ള അവകാശം നിർണ്ണയിക്കുന്നതിനായി പുനർലേലം നടത്തുകയും തൻമൂലം ഉണ്ടാകുന്ന നഷ്ടം, വീഴ്ച വരുത്തിയ ലേല/ ക്വട്ടേഷൻകാരനിൽ നിന്നും ഈടാക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ലേല ദിവസം അവധിയാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ലേലം നടത്തുന്നതാണ്. മാവുകളിലെ വിളവിന്റെ നിജസ്ഥിതി ക്വട്ടേഷൻ സമർപ്പിക്കുന്നതിന് മുമ്പ് ബോധ്യപ്പെടേണ്ടതാണ്. കാരണങ്ങൾ ഒന്നും കൂടാതെ ക്വട്ടേഷനുകൾ സ്വീകരിക്കാനോ നിരസിക്കാനോ മാറ്റിവയ്ക്കാനോ ഡീനിന് പൂർണ്ണ അധികാരമുണ്ട്. വൈകിയതും അപൂർണ്ണവുമായ ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

-മറുപുറം-

എല്ലാവിധ സർക്കാർ നിബന്ധനകളും ഇതിന് ബാധകമാണ്. മറ്റ് വിശദവിവരങ്ങൾ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്. (ഫോൺ നം.0467-2281966 / 0467-2280616)

ഒപ്പ്/-
ഡോ.ടി. സജിതാ റാണി
ഡീൻ

സ്വീകർത്താവ്:-

1. നോട്ടീസ് ബോർഡ് - കോളേജ്/ ഇൻസ്ട്രക്ഷണൽ ഫാം I & II
2. വില്ലേജ് ഓഫീസ് (നീലേശ്വരം/ കാഞ്ഞങ്ങാട് സൗത്ത്)
3. നീലേശ്വരം/ കാഞ്ഞങ്ങാട് നഗരസഭ
4. ആർ.എ. ആർ.എസ് പിലിക്കോട്
5. സർക്കുലേഷൻ (ഫാം മുഖാന്തിരം)
6. ഓഫീസർ ഇൻ ചാർജ്ജ്, ഫാം യൂണിറ്റ് - I & II
7. ഫാം മാനേജർ, ഫാം യൂണിറ്റ് - I
8. കോളേജ് വെബ്സൈറ്റ്

//അംഗീകാരത്തോടുകൂടി അയക്കുന്നത്//

സെക്ഷൻ ഓഫീസർ